# പ്രാർത്ഥനാ ധ്വനി

PRARTHANA DHWANI

ഒരു പ്രാർത്ഥനാ സഹായി കുടുംബ ദ്വൈമാസിക

MARCH-APRIL 2026 | VOL. : 14 | ISSUE : 74


# പ്രാർത്ഥനാ ധ്വനി ഇളംപള്ളിക്കൽ കൺവൻഷൻ


Pr. ബെൻസൻ ഡാനിയേൽ


Pr. എൻ. എ. ജോസഫ്


Pr. അജി ആന്റണി


Pr. സാം തോമസ്


Evg. സാജൻ ജോർജ്ജ്


Pr. പി. സി. ചെറിയാൻ


Sr. ബിന്ദു ബെൻസൻ

**അടൂർ:** പ്രാർത്ഥനാ ധ്വനി ഇളംപള്ളിക്കൽ കൺവൻഷൻ 2026 മെയ് 8, 9, 10 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ വൈകിട്ട് 6 മണി മുതൽ 9 മണി വരെ ഇളംപള്ളിക്കൽ പ്രാർത്ഥനാ ധ്വനി ഭവനാങ്കണത്തിൽ വെച്ച് നടക്കുന്നതായിരിക്കും. (തോട്ടംമുക്ക് – തെങ്ങിനാൽ റോഡ്). പ്രാർത്ഥനാ ധ്വനി ഇന്റർനാഷണൽ ഡയറക്ടർ Pr. ബെൻസൻ ഡാനിയേൽ സന്ദേശം നൽകുന്നതും, ഇളംപള്ളിക്കൽ പ്രാർത്ഥനാ ധ്വനി യൂണിറ്റ് ചെയർമാൻ Pr. എൻ. എ. ജോസഫ് ഉദ്ഘാടന ശുശ്രൂഷ നിർവ്വഹിക്കുന്നതുമാണ്. Pr. അജി ആന്റണി (കേരള), Pr. സാം തോമസ് (ഖത്തർ), Evg. സാജൻ ജോർജ്ജ് (യുഎഇ), Pr. പി. സി. ചെറിയാൻ (കേരള) എന്നീ ദൈവദാസന്മാർ ദൈവവചനത്തിൽ നിന്ന് ശുശ്രൂഷിക്കുന്നതും, Sr. ബിന്ദു ബെൻസൻ (ഗുജറാത്ത്) ദൈവീക വിടുതലിന്റെ സാക്ഷ്യം പങ്കുവെയ്ക്കുന്നതുമാണ്. പ്രാർത്ഥനാ ധ്വനി ഇളംപള്ളിക്കൽ സിംഗേഴ്സ് ഗാനശുശൂഷയ്ക്ക് നേതൃത്വം നൽകുന്നതാണ്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രാർത്ഥനാ സഹകാരികൾ പങ്കെടുക്കുന്ന ഈ കൺവൻഷനിലേക്ക് കുടുംബമായി, സഭയായി ഏവരെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: Pr. ബെൻസൻ ഡാനിയേൽ (9824947019), Pr. എൻ. എ. ജോസഫ് (9447162455), Pr. സാബു ഇളംപള്ളിക്കൽ (9961859971).

## നൈജീരിയയിലെ ക്രൈസ്തവർ നേരിടുന്നത് അസഹനീയ അതിക്രമങ്ങൾ



**റോം:** നൈജീരിയയിൽ ക്രൈസ്തവ വിശ്വാസികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അതീവ ഗുരുതരവും അസഹനീയവുമായ സാഹചര്യത്തിലേക്ക് മാറിയിരിക്കുകയാണെന്ന് വത്തിക്കാനിലെ യുഎസ് അംബാസഡർ ബ്രയാൻ ബർച്ച് വ്യക്തമാക്കി. ഏപ്രിൽ 17–ന് റോമിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കവെയാണ് അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചത്.

വത്തിക്കാനിലെ യുഎസ് എംബസിയും 'സോളിഡാരിറ്റി വിത്ത് ദി പെർസെക്യൂട്ടഡ് ചർച്ച്' സംഘടനയും സംയുക്തമായി സമ്മേളനം സംഘടിപ്പിച്ചു. തീവ്രവാദ ഗ്രൂപ്പുകൾ ക്രൈസ്തവരെ അവരുടെ വിശ്വാസത്തിന്റെ പേരിൽ മാത്രം ലക്ഷ്യം വെച്ച് ആക്രമിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

നൈജീരിയയിലെ പല പ്രദേശങ്ങളിലും ദൈവാലയങ്ങൾക്കും ക്രൈസ്തവ കുടുംബങ്ങളുടെ വീടുകൾക്കും നേരെ ആസൂത്രിതമായ ആക്രമണങ്ങൾ തുടരുന്നതായി റിപ്പോർട്ടുകളുണ്ട്. ഈ സാഹചര്യം രാജ്യത്തെ മതസ്വാതന്ത്ര്യത്തിനും സാമൂഹിക സമാധാനത്തിനും വലിയ വെല്ലുവിളിയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലോകമെമ്പാടുമുള്ള മതസ്വാതന്ത്ര്യം സംരക്ഷിക്കാൻ അമേരിക്ക പ്രതിജ്ഞാബദ്ധമാണെന്ന് ബ്രയാൻ ബർച്ച് വ്യക്തമാക്കി. നൈജീരിയയിൽ കൊല്ലപ്പെടുകയും പീഡനങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ദുരവസ്ഥയിലേക്ക് അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധ തിരിക്കാനാണ് ഇത്തരം സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ശാരോൻ ഫെലോഷിപ്പ് ചർച്ച് ഗുജറാത്ത്
### സെന്റർ പ്രതിനിധികൾ ആയി ബ്രദർ പ്രിൻസൺ ചാക്കോയും, ബ്രദർ ജിബിൻ ഏലിയാസറും വീണ്ടും നിയമിതരായി

**ഗുജറാത്ത്:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ഗുജറാത്ത് സെന്റർ പ്രതിപുരുഷനായി Br. Prinson Chacko (SFC. Sabarmati), സെന്റർ ട്രഷറർ ആയി Br. Jibin Aliasar (SFC. Makarpura) എന്നിവരെ 2026 ഏപ്രിൽ 14 ന് ആനന്ദ് ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വെച്ച് സെന്റർ മിനിസ്റ്റർ പാസ്റ്റർ ബെന്നി പി. വി യുടെ അധ്യക്ഷതയിൽ നടത്തപ്പെട്ട ഗുജറാത്ത് സെന്റർ ജനറൽ ബോഡി മീറ്റിംങ്ങിൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 50 ൽ അധികം പേർ പങ്കെടുത്തു. റീജിയൻ മിനിസ്റ്റർ പാസ്റ്റർ ഡേവിഡ്. കെ. ദൈവവചനം ശുശ്രൂഷിച്ചു. റീജിയൻ സെക്രട്ടറി പാസ്റ്റർ അലക്സാണ്ടർ വി. എ, സെന്റർ അസ്സോസിയേറ്റ് മിനിസ്റ്റർ പാസ്റ്റർ ടോണി വർഗ്ഗീസ്, സെന്റർ സെക്രട്ടറി പാസ്റ്റർ ബെൻസൻ ഡാനിയേൽ എന്നിവർ നേതൃത്വം നൽകി.


Br. Prinson Chacko


Br. Jibin Aliasar

## ഐ.പി.സി. നോർത്ത് വെസ്റ്റ് ഡിസ്ട്രിക്ക് ഗുജറാത്ത് സ്റ്റേറ്റിന്റെ സംയുക്ത ആരാധന നടന്നു

**ഗുജറാത്ത്:** ഐ.പി.സി. നോർത്ത് വെസ്റ്റ് ഡിസ്ട്രിക്ട് ഗുജറാത്ത് സ്റ്റേറ്റിന്റെ സംയുക്ത ആരാധന 2026 ഏപ്രിൽ 19 ഞായറാഴ്ച രാജ്ക്കോട്ട് ഐ.പി.സി. സഭയുടെ ആഭിമുഖ്യത്തിൽ രാജ്ക്കോട്ട് ബിഷപ്പ് ഹൗസിൽ വെച്ച് നടത്തപ്പെട്ടു.

പാസ്റ്റർ വിക്റ്റർ പി. ഫ്രാൻസിസ്, ഡോ. ജിജി പോൾ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ വിക്റ്റർ പി. ഫ്രാൻസിസ് ഡിസ്ട്രിക്ക് പ്രസിഡന്റായും, ആക്റ്റിംങ്ങ് സെക്രട്ടറിയായി ബ്രദർ ജോർജ്ജ് വർഗ്ഗീസും ഇപ്പോൾ പ്രവർത്തിക്കുന്നു. കത്തൃമേശയോട് കൂടി ഐക്യ ആരാധന സമാപിച്ചു.

## ചൈനയിൽ മതസ്വാതന്ത്ര്യത്തിന് കടുത്ത നിയന്ത്രണം

**ബീജിംഗ്:** ചൈനയിൽ സർക്കാർ നിയന്ത്രണങ്ങളും മതസ്വാതന്ത്ര്യത്തിനെതിരായ നടപടികളും ശക്തമാകുന്നതായി ഹ്യൂമൻ റൈറ്റ്സ് വാച്ച് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് വ്യക്തമാക്കി. കുട്ടികൾക്ക് ആരാധനാലയങ്ങളിൽ പ്രവേശനം നിഷേധിക്കുന്നതും സഭകളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആശയധാരയ്ക്ക് അനുസൃതമാക്കാനുള്ള 'സിനിസൈസേഷൻ' നയം കർശനമായി നടപ്പാക്കുന്നതുമാണ് പ്രധാന ആശങ്കകളായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. വിശ്വാസികളെയും സഭാ നേതാക്കളെയും ഭീതിയിലാഴ്ത്തി നിശബ്ദരാക്കുന്ന സാഹചര്യം രാജ്യത്ത് നിലനിൽക്കുന്നതായും റിപ്പോർട്ടിൽ പറയുന്നു. 2018–ൽ വത്തിക്കാനും ചൈനയും തമ്മിൽ മെത്രാൻ നിയമനവുമായി ബന്ധപ്പെട്ട് ഉണ്ടായ ധാരണയ്ക്ക് ശേഷം നിയന്ത്രണങ്ങൾ കൂടുതൽ ശക്തമായതായി റിപ്പോർട്ട് വിലയിരുത്തുന്നു.

സർക്കാർ അംഗീകൃത 'കത്തോലിക്കാ പാട്രിയോട്ടിക് അസോസിയേഷനിൽ' ചേരാൻ വിസമ്മതിക്കുന്ന സ്വതന്ത്ര സഭകളെ നിയമപരമായി തകർക്കാൻ അധികാരികൾ ശ്രമിക്കുന്നുവെന്ന പരാതികളും ഉയരുന്നുണ്ട്. കുട്ടികൾക്ക് പള്ളികളിൽ പ്രവേശിക്കാനും മതപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും പല മേഖലകളിലും വിലക്കുണ്ട്.




**കർത്താവിന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു.**

**കോട്ടയം:** സഹോദരി ബിനു (50 വയസ്സ്) ദുബായിൽ ജോലി ചെയ്ത് കൊണ്ടിരിക്കവേ തന്റെ ലംങ്സിൽ തടിപ്പുണ്ടായിനെ തുടർന്ന് ശ്വാസമുട്ടലിനായും മറ്റും പ്രയാസപ്പെടുന്നു. പരിപൂർണ്ണ സൗഖ്യത്തിനായും പ്രാർത്ഥനയെ അപേക്ഷിച്ച് കൊള്ളുന്നു.

**USA:** Please Pray for Sr. Gifty will be going for her 2nd bone marrow biopsy on 6th May... Dr wants to check the recovery and further treatment plan. They are planning to freeze her Bone marrow for any emergency.... Freezing will be done on 18-20th May.

**കുന്നംകുളം:** സഹോദരി ബേബി ബ്രയിൻ ട്യൂമറിനാൽ ഭാരപ്പെടുന്നു. സർജറി വേണമെന്ന് ഡോക്ടേഴ്സ് ആവശ്യപ്പെടുന്നു. പൂർണ്ണമായ ദൈവീക വിടുതലിനായി പ്രത്യേകാൽ പ്രാർത്ഥിക്കേണമേ.

**അടൂർ:** പ്രാർത്ഥനാ ധ്വനി ഇളംപള്ളിക്കൽ യൂണിറ്റ് മിഷൻ കോർഡിനേറ്റർ ആയ പാസ്റ്റർ റെജി ജോണിനും തന്റെ സഹധർമ്മിണി ക്കും കഴിഞ്ഞ ദിവസം കിളിവയലിൽ വെച്ച് ബൈക്ക് ആക്സിഡന്റുണ്ടായി, പ്രിയ സഹോദരിക്ക് കാലിന് അല്പമായ പ്രയാസമുണ്ടായി അടൂർ ഗവൺമെന്റ് ഹോസ്പിറ്റലിൽ ചികിത്സക്കു ശേഷം ഭവനത്തിൽ വിശ്രമിക്കുന്നു. കാലിന് മുറിവുണ്ട്, സ്റ്റിച്ച് ഇട്ടിരിക്കുകയാണ്. പരിപൂർണ്ണസൗഖ്യത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥനയെ അഭ്യർത്ഥിക്കുന്നു.

**യൂ.കെ:** ഇമ്മാനുവേൽ (ഒന്നര വയസ്സ്) പനിയുടെ പ്രയാസം വന്ന് ശരീരം മുഴുവൻ അലർജിയാലും മറ്റും ഗുരുതരാവസ്ഥയിലായിരിക്കുന്നു. പല ടെസ്റ്റുകൾ നടത്തിയിട്ടും രോഗം എന്താണെന്ന് അറിയാൻ സാധിക്കുന്നില്ല. കുഞ്ഞിന്റെ പൂർണ്ണമായ ദൈവിക വിടുതലിനായി എല്ലാ ദൈവമക്കളും പ്രാർത്ഥനയിൽ ഓർക്കേണമേ.

**കോട്ടയം:** സഹോദരി പ്രിയ തോമസ്, ടി ബി രോഗത്താൽ ലങ്സിൽ വ്യാപിച്ചു വളരെ പ്രയാസത്തിൽ ആയിരിക്കുന്നു. ദൈവിക വിടുതലിനായി പ്രാർത്ഥനയെ ചോദിക്കുന്നു.

**Gujarat:** Please Pray for Pr. Stanely George wife yesterday Morning Sudden Stroke came and Left Side got affected, admitted in Gandhinagar UN Mehta Hospital.

**തിരുവല്ല:** പാസ്റ്റർ വിനോ പി ജോയ്, തനിക്ക് ഇന്നലെ ഉണ്ടായ ബൈക്ക് ആക്സിഡന്റിൽ കൈകാലുകൾക്ക് പൊട്ടലുകൾ ഉണ്ടാകുകയും, കാലിന്റെ സർജറി കഴിഞ്ഞു. കൈയ്യുടെ സർജറി ഇനി നാളെ നടക്കും. പൂർണ്ണ വിടുതലിനായി എല്ലാ ദൈവമക്കളും പ്രാർത്ഥനയിൽ ഓർക്കേണമേ.

**തിരുവനന്തപുരം:** സിസ്റ്റർ എലിസബത്ത് വേരിക്കോസ് രോഗത്താൽ ഭാരപ്പെടുന്നു. ഒരു ദൈവീക വിടുതലിനായി പ്രാർത്ഥനയെ അഭ്യർത്ഥിക്കുന്നു.

**നെയ്യാറ്റിൻകര:** സിസ്റ്റർ സരോജനി, ഹാർട്ട് സംബന്ധമായ രോഗത്താൽ ഭാരപ്പെടുന്നു. പ്രാർത്ഥനയെ ചോദിക്കുന്നു.

**മണർകാട്:** സിസ്റ്റർ ജോളി ബാബു, കാൽമുട്ടലിന് പൊട്ടൽ ഉണ്ടായി ഭാരപ്പെടുന്നു. പ്രാർത്ഥിക്കേണമേ.

**കാളിയാർ:** ഫുൾ ഗോസ്പൽ ചർച്ച് കാളിയാർ സഭാ ശുശ്രൂഷകൻ ഫിന്നി രാജുവിന്റെ ഭാര്യ സിസ്റ്റർ കെസിയ ഫിന്നി (34) ക്യാൻസർ രോഗബാധിതയായി ചികിത്സയിലാണ്. 6 വയസ്സും 1 വയസ്സും ഉള്ള രണ്ട് കുഞ്ഞുങ്ങളാണ് അവർക്കുള്ളത്. സിസ്റ്റർ കെസിയ നഴ്സ് ആയി ജോലി ചെയ്യുകയായിരുന്നു. മജ്ജയിലും തലയിലും ക്യാൻസർ പടർന്നിട്ടുണ്ട് എന്നാണ് ഡോക്ടർമാർ വിലയിരുത്തുന്നത്. അടിയന്തരമായി ഒരു ന്യൂറോ സർജറിക്ക് വിധേയപേടേണ്ടതുണ്ട്. ഇപ്പോൾ തിരുവനന്തപുരം RCC യിൽ ചികിത്സയിൽ ആണ്. ദൈവദാസനും കുടുംബത്തിനും സാമ്പത്തിക ആവശ്യങ്ങൾ ഉള്ളതിനാൽ സഹായം അഭ്യർത്ഥിക്കുന്നു. Mob. 8156806536

## പ്രാർത്ഥനയ്ക്ക് നന്ദി

ശാരോൻ ഫെലോഷിപ്പ് ചർച്ച് ചെങ്ങന്നൂർ സെക്ഷൻ സെക്രട്ടറിയും മനക്കച്ചിറ സഭാ ശുശ്രുഷകനുമായ പാസ്റ്റർ രാജൻ മാത്യു, ലിവർ സിറോസിസ് എന്ന രോഗത്താൽ ബിലിവേഴ്സ് ഹോസ്പിറ്റലിൽ ICU വിൽ അഡ്മിറ്റായിരുന്നു.

പ്രിയ ദൈവദാസന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥനാ ധ്വനി പ്രയർ ഗ്രൂപ്പിലൂടെ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നായി ദൈവജനം പ്രാർത്ഥിപ്പാനിടയായി. പ്രാർത്ഥനയുടെ ഫലമായി കർത്താവ് സൗഖ്യം നൽകി. ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജായി ഭവനത്തിൽ വന്നു. പ്രാർത്ഥിച്ച ഏവർക്കും നന്ദിയെ അറിയിക്കുന്നു.

**നിങ്ങളുടെ കുടുംബപ്രാർത്ഥനയിലും വ്യക്തിപരമായ പ്രാർത്ഥനയിലും, സഭയിലെ പ്രാർത്ഥനകളിലും ഈ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ.**



# സ്നേഹപൂർവ്വം

**പാസ്റ്റർ ബെൻസൻ ഡാനിയേൽ, ഗുജറാത്ത്**



'സകല പ്രാർത്ഥനയാലും, യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ' (എഫെസ്യർ 6:18)

ക്രിസ്തുവിൽ പ്രിയരെ, യേശു ക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം.

പ്രാർത്ഥനാ വീരനായ ജോർജ്ജ് മുള്ളറിനോട് സുവിശേഷകനായ ഡി.എൽ. മൂഡി ചോദിച്ചു, ഈ കെട്ടിടങ്ങളും ഇവിടെ താമസിക്കുന്ന അനാഥ കുഞ്ഞുങ്ങളെയും പുലർത്തുവാനുള്ള ക്രമീകരണങ്ങളും എങ്ങനെയാണ് ഉണ്ടാകുന്നത്? നിറഞ്ഞ പുഞ്ചിരിയോടെ ജോർജ്ജ് മുള്ളർ മൂന്ന് പ്രാവശ്യം പറഞ്ഞു 'പ്രാർത്ഥന'

അപ്പോസ്തോലനായ പൗലോസ് AD. 60-62 കാലഘട്ടത്തിൽ എഫെസോസിലെ വിശുദ്ധന്മാർക്കും, വിശ്വാസികൾക്കും എഴുതപ്പെട്ടതായ ഈ ലേഖനത്തിൽ സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളാലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന ദൈവീക സ്നേഹത്തെപ്പറ്റി എഫെസ്യർ 1:3 ൽ വായിക്കുന്നു. 6–ാം മത്തെ അധ്യായത്തിൽ ഒരു അനുഗ്രഹീത കുടുംബത്തിലെ ഭർത്താവ്, ഭാര്യ, മക്കൾ, മതാപിതാക്കൾ, ദാസന്മാർ, യജമാന്മാർ എന്നിവരെപ്പറ്റിയും, ഓരോരുത്തരുടെയും കടപ്പാടുകളെപ്പറ്റിയും പ്രബോധിപ്പിക്കുന്നു. 6:10 ൽ ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ എന്ന് വായിക്കുന്നു.

പിശാചിനോട് എതിർത്തുനിൽക്കുവാൻ ഉള്ള ഏഴ് വിധമായ സർവ്വായുധങ്ങളെപ്പറ്റി പറയുന്നു. ഏഴാമത്തെ ആയുധമാണ് പ്രാർത്ഥന എന്നത്.

ശത്രുവിന് എതിരായി ഒരു വിശ്വാസി ഉപയോഗിക്കുന്ന ഏറ്റവും വലിയ ആയുധമാണ് പ്രാർത്ഥന. ബർമ്മയിൽ സ്ക്കോട്ട്ലൻഡിൽ സുവിശേഷം അറിയിച്ച ജഡ്സൺ അർദ്ധരാത്രിയിലും പ്രഭാതത്തിലും മണിക്കൂറുകൾ പ്രാർത്ഥിക്കുമായിരുന്നു. "Give me Scotland, or I die" (സ്കോട്ട്ലണ്ടിനെ എനിക്ക് തരിക, അല്ലാഞ്ഞാൽ ഞാൻ മരിച്ചു പോകും) എന്ന് പ്രാർത്ഥിച്ച് ക്രിസ്തുവിനുവേണ്ടി ആ രാജ്യത്തെ നേടി. ജോൺ നോക്സും, ജോൺ വെസ്ലിയും പ്രാർത്ഥനാ വീരന്മാർ ആയിരുന്നു.

സ്ക്കോട്ട്ലണ്ടിനെ ഭരിച്ചിരുന്ന ക്രൂരയായ മേരിയ രാജ്ഞി പറഞ്ഞു, പതിനായിരം ഭടന്മാർ ഉൾപ്പെട്ട ഒരു സേനയെക്കാൾ ജോൺ നോക്സിന്റെ പ്രാർത്ഥനയെ ഞാൻ ഭയപ്പെടുന്നു.

വിശുദ്ധ വേദ പുസ്തകത്തിൽ ഭക്തന്മാർ പ്രാർത്ഥനയിലൂടെ അനുഭവിച്ച ദൈവീക വിടുതലിനെപ്പറ്റി കാണുന്നു. ഏലിയാവിന്റെ പ്രാർത്ഥനയിൽ കർമ്മേൽ മലയിൽ ഇറങ്ങിയ ദൈവീക സാന്നിദ്ധ്യം ശത്രുകൾക്ക് പോലും ആശ്ചര്യമായിരുന്നു. ജീവനുള്ള ദൈവത്തിന്റെ പ്രവർത്തി ഭക്തന്റെ പ്രാർത്ഥനയിൽ ഇറങ്ങി വന്നു.

പത്രോസിന്റെയും, യോഹന്നാന്റെയും ശുശ്രൂഷയിൽ മുടന്തൻ സൗഖ്യം പ്രാപിച്ചതും, ഹെരോദാവ് തടവിലാക്കിയ

പത്രോസിനു വേണ്ടി ദൈവസഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ കാരാഗൃഹത്തിൽ ഇറങ്ങിയ ദൈവീക വിടുതലും, കൈകാലുകൾ ബന്ധിക്കപ്പെട്ടവരായി ഫിലിപ്പ്യാകാരഗൃഹത്തിൽ കിടന്ന ഭക്തന്മാർ അർദ്ധരാത്രിക്ക് പാടി സ്തുതിച്ചപ്പോൾ ഇറങ്ങി വന്ന ദൈവിക സാന്നിദ്ധ്യവും ഒരു ദൈവ പൈതലിന്റെ ജീവിതത്തിൽ ധൈര്യം പകരുന്നവയാണ്.

പ്രർത്ഥിക്കുന്ന ഒരു വ്യക്തിയെ തകർക്കുവാൻ ഈ ലോകത്തിലെ ഒരു ശക്തിക്കും സാധിക്കുകയില്ല. 'യഹോവയെ കണ്ടെത്താകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ, അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ' (യെശയ്യ 55:6).

മുമ്പിൽ കടന്നു വന്ന എല്ലാ പ്രതികൂലങ്ങളെയും, പ്രതിസദ്ധികളെയും പ്രാർത്ഥനയിൽ കൂടി വിജയിച്ച നമ്മുടെ കർത്താവ് ഇന്നും പ്രാർത്ഥിക്കുന്ന തന്റെ ഭക്തന്റെ ആവശ്യങ്ങളുടെ മേൽ പ്രവർത്തിക്കുവാൻ കൂടെയുണ്ട്. പ്രാർത്ഥനയിൽ മുന്നേറാം. ദൈവം നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

**ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ**

# പൂജ്യത്തിന് വില ഉണ്ടാക്കിയ അപ്പച്ചൻ

**റവ. വീയപുരം ജോർജ്കുട്ടി**




അപ്പച്ചന്റെ കൊച്ചുമകനു വിവാഹപ്രായമായി, പല വിവാഹ ആലോചനകൾ വന്നു. വന്ന വിവാഹ ആലോചനകളിൽ ഒന്ന് തരക്കേടില്ലാത്തതാതാണ്. അപ്പച്ചൻ നല്ല ദൈവവിശ്വാസിയും ദൈവഭക്തനും ആയിരുന്നു. വീട്ടിൽ വരുന്ന പെൺകുട്ടി തികഞ്ഞ ആത്മീകമുള്ളവളായിരിക്കണം എന്നാണ് അപ്പച്ചന്റെ ആഗ്രഹം. പെൺകുട്ടിയെ കാണാൻ പോയവർ വന്ന് വിവരങ്ങൾ ഒന്നൊന്നായി പറഞ്ഞുകൊണ്ടിരുന്നു. അപ്പച്ചൻ ഒരു വെള്ള പേപ്പർ എടുത്ത് അതിൽ ചില അക്കങ്ങൾ ഇട്ടുകൊണ്ടിരുന്നു. വന്നവർ പറഞ്ഞു പെൺകുട്ടി നല്ല സുന്ദരിയാണ്, അപ്പച്ചൻ പേപ്പറിൽ പൂജ്യം ഇട്ടു, നല്ല നീളം ഉണ്ട്, വീണ്ടും പൂജ്യം.

ഒതുങ്ങിയ ശരിരഘടനയാണ്, വീണ്ടും പൂജ്യം, വലിയ കുടുംബക്കാർ ആണ്, സാമ്പത്തീകമായി നല്ല ചുറ്റുപാടാണ്, സഹോദരന്മാർ എല്ലാവരും വിദേശനാടുകളിലാണ്, താമസം കുടാതെ പെൺകുട്ടിയേയും അമേരിക്കയിലേക്ക് കൊണ്ടു പോകാൻ ഉദ്ദേശമുണ്ടന്നും അവർ പറഞ്ഞു, നല്ല ജോലിയും അവൾക്ക് ഉണ്ട്, ആങ്ങളമാർക്ക് ഒരേ ഒരു പെങ്ങളെ ഉള്ളു, നല്ല സ്ത്രീധനവും നല്ല ഒരു കാറും തരാമെന്ന് പറഞ്ഞിട്ടുണ്ട്, ഇങ്ങനെ ഓരോന്നു പറയുമ്പോഴും അപ്പച്ചൻ പേപ്പറിൽ പൂജ്യം ഇട്ടുകൊണ്ടേയിരുന്നു.

ഏറ്റവും ഒടുവിൽ അവർ പറഞ്ഞു പെൺകുട്ടി രക്ഷിക്കപ്പെട്ട ഒരു ദൈവ പൈതലും ദൈവകൃപയുള്ളവളുമാണ് എന്ന്. ആ അവസരം അപ്പച്ചൻ പൂജ്യങ്ങളുടെ ഇടതുഭാഗത്ത് ഒന്ന് എന്നിട്ടു. ഇപ്പോൾ പൂജ്യങ്ങൾക്ക് എല്ലാം വിലയുണ്ടായി

അപ്പച്ചൻ തെളിയിച്ചത് യേശുവിനെ കൂടാതെയുള്ള സൗന്ദര്യവും, ധനവും, പ്രതാപവും, മഹിമയും ഒക്കെ നശ്വരമാണ്. എന്നാൽ യേശുവിനോടുകൂടെ ഇതെല്ലാം ഉള്ളത് നല്ലതുമാണ്.

“'ഒരു മനുഷൻ സർവ്വലോകം നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം'



# മരണവും ജീവനും നാവിൻ്റ അധികാരത്തിൽ ഇരിക്കുന്നു

സിബി ബാബു
(യു. കെ)

ക്രിസ്തുവിന്റെ കൃപയിൽ ഹൃദയം വിശുദ്ധീകരിക്കപ്പെടുമ്പോൾ, അതേ നാവ് അനുഗ്രഹത്തിന്റെ ഉപകരണമാകുന്നു. മരണത്തിന്റെ വാസന പരത്തിയ നാവ്, ജീവന്റെ വചനങ്ങൾ പ്രസംഗിക്കുന്ന നാവായി മാറുന്നു, മറ്റുള്ളവർക്ക് ക്രിസ്തുവിന്റെ ജീവൻ പകരുന്ന നാവായി മാറുന്നു.

ബൈബിളിൽ മനുഷ്യന്റെ നാവിനെ കുറിച്ച് വളരെ ഗൗരവത്തോടെ ആണ് എഴുതിയിരിക്കുന്നത്. “സർപ്പവിഷം ഉള്ള നാവു, ശവക്കുഴി ആകുന്ന തൊണ്ട” എന്ന ബൈബിളിലെ ഈ വാക്യങ്ങൾ മനുഷ്യന്റെ ഹൃദയത്തിലെ അഴുക്കും പാപസ്വഭാവവും പുറത്തേക്ക് ഒഴുകി വരുന്നത് എത്ര ഭീകരമാണെന്ന് വെളിപ്പെടുത്തുന്നു. ദൈവവചനം പറയുന്നു: “സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ടു അവരുടെ തൊണ്ട തുറന്ന ശവക്കുഴി” (സങ്കീർത്തനങ്ങൾ 5:9; റോമർ 3:13).

ശവക്കല്ലറ തുറക്കുമ്പോൾ ദുർഗന്ധവും മരണത്തിന്റെ വാസനയും പുറത്തേക്ക് വരുന്നതുപോലെ, ശുദ്ധീകരിക്കപ്പെടാത്ത (അത് രക്ഷിക്കപ്പെട്ട ഒരാളുടെ ഹൃദയത്തിൽ നിന്ന് ആണെങ്കിൽ പോലും) ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന വാക്കുകൾ ആത്മീയ മരണത്തിന്റെ ഗന്ധം പരത്തുന്നു. കള്ളം, വമ്പ് പറയുന്നത്, വഞ്ചന, നിന്ദ, കൂട്ടുകാരനെ നിസ്സാര എന്ന് പറയുന്നത്, കൂട്ടുകാരനെ മൂഡാ എന്നു വിളിക്കുന്നത്, മറ്റുള്ളവരെ നമ്മുടെ നാവ് കൊണ്ടു മുറിവേൽപ്പിക്കുന്നത്, ഇവ എല്ലാം നാവിലൂടെ പുറപ്പെടുമ്പോൾ, അവ മറ്റുള്ളവരെ വേദനിപ്പിക്കുന്നതോടൊപ്പം സംസാരിക്കുന്നവന്റെ ആത്മാവിനെയും മലിനമാക്കുന്നു എന്ന കാര്യം നാം മറന്നു പോകരുത്.

മത്തായി സുവിശേഷം 12:36–37 പറയുന്നത് എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും. കർത്താവായ യേശു ക്രിസ്തു പറഞ്ഞ ഈ ദൈവ വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്: നമ്മുടെ വാക്കുകൾ ദൈവസന്നിധിയിൽ അർത്ഥവത്തും ഉത്തരവാദിത്തമുള്ളതുമാണ് എന്നാണ്. നമ്മളിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൾക്കും നാം ദൈവ സന്നിധിയിൽ കണക്കു ബോധിപ്പിയ്ക്കേണ്ടി വരും എന്ന് നാം മറന്നു പോകരുത്.

> **നമ്മുടെ വാക്കുകൾ ദൈവസന്നിധിയിൽ അർത്ഥവത്തും ഉത്തരവാദിത്തമുള്ളതുമാണ് എന്നാണ്. നമ്മളിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൾക്കും നാം ദൈവ സന്നിധിയിൽ കണക്കു ബോധിപ്പിയ്ക്കേണ്ടി വരും എന്ന് നാം മറന്നു പോകരുത്.**

മാത്രവുമല്ല നമ്മുടെ നാവിലൂടെ വരുന്ന വാക്കുകൾ, നമ്മുടെ ഹൃദയത്തിന്റെ നില എന്താണ് എന്ന് നമുക്കും, നമ്മേ കേൾക്കുന്നവർക്കും അത് വെളിപ്പെടുന്നു.

ദൈവവചനം തന്നെ നമുക്ക് മുന്നറിയിപ്പുനൽകുന്നത്, നാവിനെ നിയന്ത്രിക്കാൻ കഴിയാത്തവർക്ക് ആത്മീയമായി വളരാൻ കഴിയില്ല എന്നാതാണ്.

അതുകൊണ്ടാണ് അപ്പൊസ്തലനായ യാക്കോബ് തന്റെ ലേഖനത്തിൽ ഇങ്ങനെ എഴുതിയത് “നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന്നു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കയും ചെയ്യുന്നു.’ (യാക്കോബ് 3:56). നമ്മുടെ നാവിൽ നിന്നും വരുന്ന ചെറിയ വാക്കുകൾ പോലും വലിയ നാശത്തിലേക്ക് നയിക്കാം; അതേസമയം, കൃപയോട് കൂടിയ ഉപ്പിനാൽ രുചി വരുത്തിയ ഒരു വാക്ക് ഒരാളുടെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റിയേക്കാം.

എങ്കിലും ദൈവം, മനുഷ്യനെ ഒരു പ്രക്തീക്ഷക്കും വകയില്ലാത്തവനായി തള്ളിക്കളയുന്നില്ല. ക്രിസ്തുവിന്റെ കൃപയിൽ ഹൃദയം വിശുദ്ധീകരിക്കപ്പെടുമ്പോൾ, അതേ നാവ് അനുഗ്രഹത്തിന്റെ ഉപകരണമാകുന്നു. മരണത്തിന്റെ വാസന പരത്തിയ നാവ്, ജീവന്റെ വചനങ്ങൾ പ്രസംഗിക്കുന്ന നാവായി മാറുന്നു, മറ്റുള്ളവർക്ക് ക്രിസ്തുവിന്റെ ജീവൻ പകരുന്ന നാവായി മാറുന്നു.

സദൃശ്യവാക്യങ്ങൾ 18:31 മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും. ദൈവത്തിനു മഹത്വം! നമ്മുടെ നാവിൽ നിന്ന് വരുന്ന വാക്കുകൾ മരണത്തിലേക്കോ ജീവത്തിലേക്കോ നയിക്കാൻ ശക്തിയുള്ളതാണ്. അതിനാൽ, ഓരോ ദിവസവും ദൈവസന്നിധിയിൽ നാം നമ്മുടെ നാവിനെ സമർപ്പിക്കണം. ഒരു തുറന്ന ശവക്കല്ലറയല്ല, ജീവന്റെ ഉറവിടമായി മാറാൻ.

ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

# I couldn't... Until the Cross said I can



**TONY ANTONY**
KANIMANGALATH

Before He bore the thorns for me,
I couldn't draw near, I couldn't be free.
I couldn't erase my deepest stain,
I couldn't break loose from sin's own chain.

I couldn't stand righteous, clothed in light,
I couldn't find peace, my heart's not right.
I couldn't escape the wrath I'm due,
I couldn't restore what I once knew.

But Christ, He hung where I should be,
He bore the weight - He set me free!
And now because He took my place,
I can approach the throne of grace.

I can be washed, my debt is paid,
I can stand bold, no more afraid.
I can call God my Father now,
I can in worship humbly bow.

I can know joy beyond the grave,
I can walk paths His mercy paved.
I can embrace His boundless love,
I can await my home above.

What once was lost, He has restored,
For me, Christ opened heaven's door.
Now the only thing I can't is...
wait to meet Him on that shore.

PRARTHANA DHWANI
T/9, MOMAINAGAR-05, GANDHINAGAR
JAMNAGAR-361002 GUJARAT, INDIA
Mob. 09824947019, 09824940827
E-mail:- prarthanadhwoni@yahoo.com
prarthanadhwani@gmail.com

PRARTHANA DHWANI
BIMONTHLY NEWS PAPER

REGISTERED NEWS PAPER
RNI. NO. GUJBIL/2014/72097
Price Rs. 20/-
Annual Sub. 100 /-

# യാഥാർത്ഥ്യവും മിഥ്യയും




അന്ത്യകാലത്തിന്റെ പ്രാരംഭത്തിൽ നിൽക്കുന്ന നാം ഇന്ന് കാണുന്നത് അനേക അത്ഭുതപ്പെടുത്തുന്ന കാഴ്ചകളാണ്. പ്രത്യേകിച്ച് വിശ്വാസ ഗോളത്തിൽ. പെന്തക്കോസ്തിന്റെ ആദ്യകാലങ്ങളിൽ പോലും കാണാത്ത അത്ഭുത പ്രവർത്തികൾ ഒക്കെ ഇന്ന് കാണപ്പെടുന്നു, അധികമായും പ്രവചന മേഖലയിൽ. ഒരുതരം കോമാളി ആകുന്ന രീതിയിൽ ഉള്ള വിടുതൽ ശുശ്രൂഷ വരെ നാം കാണുന്നുണ്ട്. ബൈബിൾ പഠിച്ച നാം പോലും പലപ്പോഴും വിചാരിക്കാറുണ്ട് ഇതിലൊക്കെ എന്തെങ്കിലും സത്യമുണ്ടോ എന്ന്. അത്രയ്ക്കും വൈകാരികമായ പ്രകടനങ്ങൾ ആണ് കാണപ്പെടുന്നത്. ഈ സംഭവങ്ങൾ കാണുമ്പോഴാണ് കഴിഞ്ഞ ചില നാളുകൾക്കു മുൻപ് നടന്ന ഒരു സംഭവം ഓർമ്മ വരുന്നത്. പെന്തക്കോസ്തിന്റെ ആദ്യകാലങ്ങളിൽ വിശ്വാസത്തിന് വേണ്ടി ഏറെ തീക്ഷ്ണതയോടെ നിന്ന് ഒരു അപ്പച്ചൻ ഉണ്ടായിരുന്നു. യോസേഫ് എന്നായിരുന്നു പേര്. കണ്ണമംഗലം ബെഥേൽ സഭയിലെ ആദ്യഫലം. യോസേഫ് അപ്പച്ചൻ ദൈവവുമായി വളരെ ആഴത്തിൽ ബന്ധമുള്ള വ്യക്തിയായിരുന്നു. അനേക ദൈവകൃപകളാൽ സമ്പന്നൻ ആയിരുന്നു. കൃപയാൽ ഒരുപാട് വിടുതൽ ശുശ്രൂഷകൾ ചെയ്യുവാനും അത് മുഖാന്തരം അനേകരുടെ വിശ്വാസം വർധിക്കുവാനും ഇടയായി. അനേകരോട് പ്രവചന ദൂത് കൈമാറി, അനേകർക്ക് രോഗശാന്തി നൽകി, അനേകരുടെ ഭൂതബാധയും ഒഴിപ്പിച്ചു, അനേകരെ മാനസാന്തരപ്പെടുത്തി, അങ്ങനെ ഒരുപാട് ശുശ്രൂഷകളാൽ ഒരുപാട് വിശ്വാസികളെ നേടി.യോസേഫ് അപ്പച്ചൻ ഒരുപാട് വേദികളിൽ സ്ഥലങ്ങളിൽ രാജ്യങ്ങളിൽ മാനിക്കപ്പെട്ടു. ഒപ്പം സഭ അനുഗ്രഹിക്കപ്പെടുകയും ചെയ്തു. എല്ലാത്തിനും പൂർണ്ണ പിന്തുണയുമായി തന്റെ പ്രിയ സഖി ഏലിയാമ്മ അമ്മച്ചി കൂടെയുണ്ടായിരുന്നു. മക്കൾ, കൊച്ചുമക്കൾ എല്ലാവരും ദൈവത്താൽ ഏറെ അനുഗ്രഹിക്കപ്പെട്ടു. അവരെല്ലാം വിദേശരാജ്യങ്ങളിൽ ജോലിയും അതിലേറെ സുവിശേഷവേലയും ആയി ജീവിക്കുന്നു എന്നതും സന്തോഷകരമായ കാര്യം തന്നെ.

അങ്ങനെ വർഷങ്ങൾ കടന്നുപോയി, മൂന്നാം തലമുറയുടെ കാലമെത്തി. അപ്പച്ചന് പ്രായമേറി ശാരീരിക പ്രയാസങ്ങൾ ഉണ്ടെങ്കിലും സുവിശേഷത്തിൽ തനിക്ക് ലജ്ജയില്ലാത്തതിനാലും അതിനു ശാരീരിക ബുദ്ധിമുട്ടുകൾ ഒരു തടസ്സമായി തോന്നാത്തതിനാലും ശുശ്രൂഷയിൽ തന്നെക്കൊണ്ട് ആകും വിധം തുടർന്നുകൊണ്ടേയിരുന്നു. ഈ ലോകം കണ്ടിട്ട് അപ്പച്ചൻ അല്പം നിരാശപ്പെട്ടു, വചനവിരുദ്ധമായുള്ള അനേക പ്രവചനങ്ങൾ, വിടുതൽ എന്നതിന്റെ മറവിൽ അനേക തട്ടിപ്പുകൾ, ദൈവസഭകൾ– ദൈവദാസന്മാർ എല്ലാവരും പണത്തിനു പിന്നാലെയുള്ള ഓട്ടം, കസേരയ്ക്ക് വേണ്ടിയുള്ള തമ്മിലടി.... എന്നാൽ ഇതൊന്നും നമ്മുടെ യോസേഫ് അപ്പച്ചനെ ഒട്ടും ബാധിച്ചില്ല. അന്ത്യകാലത്ത് ഇതൊക്കെയും സംഭവിക്കും എന്നത് വചനം ഗ്രഹിച്ച അപ്പച്ചന് അറിയാം എന്നതുകൊണ്ട് മാനസികമായി തളരാതെ മുന്നോട്ടു പോയി. അങ്ങനെയിരിക്കെ സഭയുടെ അടുത്തുള്ള ഒരു സ്ഥലത്ത് കുറച്ചു പേർ വന്നു വിടുതൽ എന്ന് പറഞ്ഞു അനേകരെ പറ്റിക്കുകയും അനേകർ വിശ്വാസത്തിൽ നിന്നും തെറ്റി അവരുടെ പിന്നാലെ പോവുകയും നിരവധി പ്രശ്നങ്ങൾ അവിടെ ഉടലെടുക്കുകയും ചെയ്തു. ഇതൊക്കെ അപ്പച്ചന്റെ മനസ്സിനെ വളരെയധികം വേദനിപ്പിച്ചു എങ്കിലും പ്രാർത്ഥനയിൽ ദേശത്തെയും സഭയെയും എപ്പോഴും ഓർത്തുകൊണ്ടിരുന്നു.

ആരും വിളിച്ചല്ല, ദൈവാത്മാവ് അയക്കുന്ന ദേശത്ത് കടന്നുപോയി ദൂത് കൈമാറും, വിടുതൽ നടത്തും എന്നതായിരുന്നു അപ്പച്ചന്റെ രീതി. അങ്ങനെ നാളുകൾക്കു ശേഷം തന്റെ ദേശത്തെക്കുറിച്ചുള്ള ഒരു ദർശനം ദൈവാത്മാവ് കാണിച്ചു. 'നീ ഇതു നിന്റെ ദേശത്തോട് അറിയിക്കുക, ചില പ്രതിസന്ധികൾ നിനക്ക് വന്നേക്കാം എങ്കിലും അത് തിന്മയ്ക്കല്ല നന്മയ്ക്ക് അത്രേ' എന്ന് ദൈവത്തിന്റെ അരുളപ്പാട്. അങ്ങനെ ദേശത്തിന് സംഭവിക്കാൻ ഇരിക്കുന്ന വിവിധ ചൊല്ലി സുവിശേഷം ആരംഭിച്ചു. സഭയിൽ നിന്നും പിന്തുണ ഇല്ലായിരുന്നു എന്നത് നിലവിലെ വിശ്വാസികളുടെ ഇടയിൽ വന്ന ഭയവും വിശ്വാസക്കുറവും ആണെന്നത് സർവ്വസാധാരണം. ദിവസങ്ങൾ അങ്ങനെ കടന്നുപോയി, ഒരു ദിവസം

> ❝ ഈ ലോകം കണ്ടിട്ട് അപ്പച്ചൻ അല്പം നിരാശപ്പെട്ടു, വചനവിരുദ്ധമായുള്ള അനേക പ്രവചനങ്ങൾ, വിടുതൽ എന്നതിന്റെ മറവിൽ അനേകതപ്പുകൾ, ദൈവസഭകൾ– ദൈവദാസന്മാർ എല്ലാവരും പണത്തിനു പിന്നാലെയുള്ള ഓട്ടം, കസേരയ്ക്ക് വേണ്ടിയുള്ള തമ്മിലടി.... എന്നാൽ ഇതൊന്നും നമ്മുടെ യോസേഫ് അപ്പച്ചനെ ഒട്ടും ബാധിച്ചില്ല.

കുറെ സുവിശേഷ വിരോധികൾ കടന്നുവന്നു. ഇവൻ കള്ളനാണ് ഇവന്റെ വാക്ക് വിശ്വസിക്കരുത്, അന്ന് നമ്മുടെ നാട്ടിൽ പ്രശ്നമുണ്ടാക്കിയവരുടെ വർഗ്ഗമാണ് എന്നൊക്കെ ചൊല്ലി പ്രായം നോക്കാതെ അപ്പച്ചനെ മർദ്ദിക്കുവാൻ തുടങ്ങി. അപ്പച്ചന് ഏറെ വേദനയായത് സ്വന്തം സഭയിലെ ചില വിശ്വാസികൾ ഈ സമയം അതിലെ കടന്നുപോയിട്ടും അപരിചിതനാക്കി രക്ഷപ്പെട്ടത് ആയിരുന്നു. നാളുകൾ കിടപ്പിലായി. ഏലിയാമ്മ അമ്മച്ചി അപ്പച്ചനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ഭയം കാരണം ഒരു മനുഷ്യൻ പോലും കാണാൻ വന്നില്ല. രണ്ടാഴ്ചകൾക്ക് ശേഷം സഭയിലെ യൗവന തലമുറക്കാർ ആയ ചിലർ ജോലി സ്ഥലത്തുനിന്നും ഈ വിവരം അറിഞ്ഞു കടന്നുവന്നു അപ്പച്ചനെ സന്ദർശിച്ചു. വിവരങ്ങളെല്ലാം പരസ്പരം പങ്കുവെച്ച ശേഷം സഭയുടെ നിലവിലെ അവസ്ഥ വളരെ വേദനയോടെ അപ്പച്ചൻ കുഞ്ഞുങ്ങളോട് പറഞ്ഞു. അപ്പച്ചാ... ഞങ്ങൾ ഒന്നും അറിയുന്നില്ലായിരുന്നു, ഇവിടെ സന്തോഷം ആണെന്നാണ് കരുതിയിരുന്നത്. നമ്മുടെ കൊച്ചുമോനാണ് ഇത് ഞങ്ങളെ അറിയിച്ചത്. എല്ലാവർക്കും ഇത് എന്താണ് സംഭവിച്ചത്? സഭയിലെ എല്ലാവരെയും ദൈവ ആലോചന അറിയിച്ച് അപ്പച്ചൻ അല്ലേ ഓരോ വലിയ നിലകളിൽ എത്തിച്ചത് ദാ ഇപ്പോൾ ഞങ്ങൾ വരെ. സഭയ്ക്ക് എന്ത് ആപത്ത് വരുവാൻ ഇരുന്നാലും അപ്പച്ചൻ തന്നെ അത് പങ്കുവെക്കുകയും പ്രാർത്ഥിക്കുകയും ലഭിച്ചതും അനുഭവിച്ച ഇവർക്കെല്ലാം ഇത് എന്ത് സംഭവിച്ചു? ശേഷം ഇവർ ഒരുമിച്ച് ഒരു തീരുമാനമെടുത്തു. സഭയെ ഈ ഭയത്തിൽ നിന്ന് രക്ഷിക്കണം വിശ്വാസത്തിലേക്ക് മടക്കി കൊണ്ടുവരണം. അപ്രകാരം സഭയിൽ പ്രബോധനങ്ങൾ തുടങ്ങി, അനേക കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഇവരും നിലവിൽ പിന്തുണ ഇല്ലാഞ്ഞതുകൊണ്ട് രംഗത്ത് വരാതെ ഇരുന്ന യൗവനക്കാരും ഒരുമിച്ച് നിന്നു. പരസ്യ യോഗങ്ങൾ ഭയമില്ലാതെ നടത്തി.' യാഥാർത്ഥ്യവും' എന്ന വിഷയത്തെക്കുറിച്ച് ആയിരുന്നു യോഗങ്ങൾ. കുറെ ജനങ്ങൾക്ക് കാര്യം മനസ്സിലായി തുടങ്ങി. ഒപ്പം സഭയ്ക്ക് വെളിച്ചം വീണു. അങ്ങനെ കുറച്ചുനാളുകൾക്ക് ശേഷം യോസേഫ് അപ്പച്ചൻ അറിയിച്ച ആ വലിയ വിപത്ത് ദേശത്ത് വരുവാൻ തുടങ്ങി. അപ്പോൾ ജനങ്ങൾ ഭയന്നു. മർദ്ദിച്ചവർ പോലും ഓടി അപ്പച്ചന്റെ അടുത്തുവന്നു. അന്ന് സുവിശേഷം കേട്ട് അനേകർ കർത്താവിനെ സ്വീകരിച്ചു. എല്ലാവരും യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ഇടയായി. കടന്നുവന്ന എല്ലാവരും മാനസാന്തരപ്പെട്ടു. അനേകരെ കൊണ്ട് സഭ നിറഞ്ഞു. വിടുതലുകൾ നടന്നു, ഒരുപാട് പേർ ആത്മാവിൽ പ്രവചിക്കാനും, രോഗശാന്തി, ഭൂതശാന്തി ശുശ്രൂഷകൾ എല്ലാം നടത്തുവാൻ തുടങ്ങി. സഭ ആത്മീകമായി വളരെ അധികം ഉന്നതിയിൽ എത്തിച്ചേർന്നു. 'ഉണർവിനെ തടയുവാൻ ആർക്കും സാധ്യമല്ല, കാരണം അതിന്റെ നടത്തിപ്പുകാരൻ പരിശുദ്ധാത്മാവാണ്.'

അതിനുശേഷം ഉള്ള ഞായറാഴ്ച അപ്പച്ചൻ സഭയിൽ സാക്ഷി പറഞ്ഞു. ദൈവാത്മാവ് അന്ന് എന്നോട് ദർശനത്തിൽ കൂടി സംസാരിച്ചു, 'ചില പ്രതിസന്ധികൾ നിനക്ക് വന്നേക്കാം എങ്കിലും അത് തിന്മയ്ക്കല്ല നന്മയ്ക്ക് അത്രേ'. ഒരുപക്ഷേ ഞാൻ ആ പ്രതികൂലങ്ങൾ ഭയന്ന് വീട്ടിൽ ഇരുന്നായിരുന്നു എങ്കിൽ സഭയും ദേശവും എല്ലാം ഇന്നു നശിച്ചു പോയേനെ. എന്നാൽ ഇന്ന് അനേകരെക്കൊണ്ട് സഭ നിറഞ്ഞു, ഒരുപാട് സന്തോഷം. പ്രിയരേ, നാം എന്തിനു ഭയപ്പെടണം? അനേക കള്ള പ്രവാചകന്മാർ വന്നു അനേകരെ തെറ്റിക്കും. എന്നാൽ പരിശുദ്ധാത്മാവ് നമുക്ക് വിവേകിക്കാനുള്ള കൃപ തന്നത് എന്തിനാണ്? അതോ, എല്ലാവരുടെയും കൃപ നഷ്ടപ്പെട്ടോ..? അങ്ങനെയെങ്കിൽ ഈ കാലത്ത് കൃപാവരങ്ങൾ ജ്വലിപ്പിക്കേണ്ടത് അത്യാവശ്യ ഘടകമാണ്. അല്ലെങ്കിൽ നിങ്ങൾ തെറ്റിപ്പോകും. എല്ലാവരങ്ങളാലും അനുഗ്രഹിക്കപ്പെടുക, അന്തിക്രിസ്തുവിനെ ജയിക്കുക. എല്ലാവരും സന്തോഷമായി മുന്നോട്ടുപോകുക. എനിക്കും പോകുവാൻ സമയമായി.... സന്തോഷത്തോടെ ഞാനും പോകുന്നു. ഈ സാക്ഷ്യത്തോടുകൂടി അപ്പച്ചൻ ഇരുന്നു. അന്ന് ഉച്ചയ്ക്ക് ശേഷം യോസഫ് അപ്പച്ചൻ താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു.

പ്രിയ ദൈവജനമേ, ഇതുപോലെ നമ്മുടെ കാലം കഴിയും വരെയും ദൈവത്തിന് വേണ്ടി നിലനിക്കുവാൻ കഴിയണം. അനേകരുടെ വിശ്വാസം തണുത്തുപോകുന്ന ഈ കാലഘട്ടത്തിൽ നാം പരിശുദ്ധത്മാവിനാൽ വീണ്ടും ശക്തിയോടെ മുന്നോട്ട് പോയാൽ ആർക്കും നമ്മളെ തെറ്റിക്കുവാൻ കഴിയില്ല. അതുകൊണ്ട് നമുക്ക് എല്ലാവർക്കും വീണ്ടും എല്ലാത്തിനെയും വിവേചിച്ചുകൊണ്ടും പ്രാർത്ഥനയോടെ, പ്രത്യാശയോടെ കർത്താവിന്റെ രണ്ടാം വരവിനായി കാത്തിരിക്കാം.

Publisher, Editor and Owner: Bensen Daniel, T/9, Momainagar-05,Gandhinagar, Jamnagar, Gujarat State-361002. Printed: Jayesh Dilipbhai,
Printed at: Ashirvad Art & Offset, Jamnagar,Gujarat. Designed by: Jose Valiyakalayil - 9845364967